# ഓട്ടിസം വേദനയാവുമ്പോൾ തണലായി ഇവോൾവ്



'ഓരോ വ്യക്തിക്കും ജീവിതത്തിൽ ചില നിയോഗങ്ങൾ ദൈവം നൽകിയിട്ടുണ്ട്. ഞങ്ങളുടെ മകനും അങ്ങനെയൊന്നുണ്ടാവും.'

പത്ത് വയസ്സുകാരനായ തങ്ങളുടെ പ്രിയപ്പെട്ട ശ്രീകേശവിനെ ചൂണ്ടി രാജീവും സഹധർമ്മിണി ലക്ഷ്മിയും ഇതു പറയുമ്പോൾ, ഓട്ടിസം എന്ന വെല്ലുവിളി നിറഞ്ഞ ജീവിതാവസ്ഥയിൽ പകച്ചു പോയവർക്കായി, ഇവോൾവ് എന്ന തണൽമരം നടുകയാണ് ഈ ദമ്പതികൾ.

2019 ഫെബ്രുവരിയിൽ ലൈഫ്: സെന്റർ ഫോർ ഓട്ടിസം & ചൈൽഡ് ഡെവലപ്പ്മെൻറ് എന്ന സ്ഥാപനം കോട്ടയത്ത് തുടങ്ങാനുള്ള പ്രേരണ മകൻ ശ്രീകേശവ് ആയിരുന്നുവെന്ന് ഇവർ പറയുമ്പോൾ ആ വാക്കുകളിൽ കണ്ണീരിന്റെ നനവും വേദനയുമുണ്ട്. ഓട്ടിസം ബാധിച്ച ശ്രീകേശവിനെയും തോളിലേറ്റി ആശുപത്രികളിലും വിവിധ പരിശീലനകേന്ദ്രങ്ങളിലും അലഞ്ഞുനടന്ന നാളുകൾ സമ്മാനിച്ച കയ്പ്പേറിയ അനുഭവങ്ങളുടെ അടിത്തറയിലാണ് രാജീവും ഭാര്യ ലക്ഷ്മിയും ലൈഫ് പടുത്തുയർത്തിയത്. മികച്ച പഠന - പരിശീലന ക്ലാസുകളിലൂടെ ഓട്ടിസം ബാധിച്ച കുട്ടികളുടെ ജീവിതത്തിൽ മാറ്റം വരുത്താൻ ലൈഫിനു കഴിഞ്ഞു.

മുതിർന്ന കുട്ടികൾക്കായി ഇവോൾവ് എന്ന സെന്റർ കോട്ടയത്താരംഭിക്കുമ്പോൾ അത് ഓട്ടിസം ബാധിച്ച കുട്ടികളുടെ ജീവിതത്തിന് ഒരു പ്രകാശകിരണമാവുകയാണ്. ഓട്ടിസം കുട്ടികളെ സ്വയംപര്യാപ്തയിലേക്ക് നയിക്കുന്ന ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, പരിഹാരങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒരു ലോകമാണ് ഇവോൾവ് എന്ന് രാജീവ് വ്യക്തമാക്കുന്നു.

ജീവിതത്തിന്റ വ്യാകരണങ്ങൾ അടിമുടിമാറുന്ന ന്യൂജനറേഷൻ കാലഘട്ടത്തിൽ ഓട്ടിസം ഉയർത്തുന്ന പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുക എന്ന ലക്ഷ്യമാണ് ഇവോൾവിന്റെ പിറവിക്കു പിന്നിലെ കാരണമെന്ന് രാജീവ് പറയുന്നു.

ഓട്ടിസം സ്പെക്ട്രം തകരാറുകളും പഠന വൈകല്യവുമുള്ള കുട്ടികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു ഇന്റർ ഡിസിപ്ലിനറി ചൈൽഡ് ഡെവലപ്മെൻറ് തെറാപ്പി ക്ലിനിക്കാണ് ഇവോൾവ് ഫിനിഷിംഗ് സെൻററ് ഫോർ ഓട്ടിസം & ചൈൽഡ് ഡെവലപ്മെൻറ്. (Evolve Finishing Centre for Autism & Child Development Center).

### ഓട്ടിസം കുട്ടികൾ - അവരുടെ ആവശ്യങ്ങൾ

ഓട്ടിസം ബാധിച്ച കുട്ടികളെ സ്വതന്ത്രരാക്കുകയും, ദൈനംദിന ജീവിതാവശ്യങ്ങൾ സ്വതന്ത്രമായി ചെയ്യാൻ അവരെ പ്രാപ്തരാക്കുകയും, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയുമാണ് ഇവോൾവ് ലക്ഷ്യമിടുന്നത്.

ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള പരിശീലനവും, ചികിത്സാ ഇടപെടലുകൾക്കൊപ്പം സ്നേഹം, പരിചരണം, വിദ്യാഭ്യാസ സഹായം എന്നിവയെ പരിപോഷിപ്പിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യമെന്ന് രാജീവും ലക്ഷ്മിയും ഒരേ സ്വരത്തിൽ പറയുന്നു.

സ്പീച്ച് തെറാപ്പിയിൽ വർഷങ്ങളുടെ അനുഭവമുള്ള ലക്ഷ്മി രാജീവ് ഓട്ടിസം എന്ന അവസ്ഥയിലെത്തുന്ന കുട്ടികൾക്ക് സ്നേഹവും സ്വാന്തനവും കരുതലും ഏകോപിപ്പിച്ചുള്ള പരിശീലന പദ്ധതികൾ ചിട്ടയോടെ നൽകി ഇവോൾവിന് നേതൃത്വം നൽകുന്നു. കർണ്ണാടക ഡോ. എം. വി. ഷെട്ടി കോളജ് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിൽ നിന്നും ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാതോളജിയിൽ ബിരുദധാരിയാണ് ലക്ഷ്മി.

ഇവോൾവ് ടീമിലെ ഓരോ അംഗവും കുട്ടികളെ ശാക്തീകരിക്കുന്നതിനും അവരുടെ മികച്ച കഴിവുകളിലേക്ക് നയിക്കുന്നതിനുമുള്ള കാഴ്ചപ്പാടും ദൗത്യവും സമർപ്പണമനോഭാവത്തോടെ ഏറ്റെടുത്തവരാണ്.

സുതാര്യത, സത്യസന്ധത, സമർപ്പണം എന്നിവയാണ് ഒരു സ്ഥാപനമെന്ന നിലയിൽ ഇവോൾവ് അടിസ്ഥാനമായി കരുതുന്ന സുപ്രധാന മൂല്യങ്ങൾ.

ഓട്ടിസം സ്പെക്ട്രം ഡിസോർഡർ (ASD), അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ (ADHD), സംസാര-ഭാഷാ വൈഷമ്യങ്ങൾ, പഠന ബുദ്ധിമുട്ടുകൾ (LD) എന്നിവയുള്ള മുതിർന്ന കുട്ടികളുടെയും കൂടി ഉൾപ്പെടുതിയ പഠന - പരിശീലന ലോകമാണ് ഇവോൾവ്.

### ഹോളിസ്റ്റിക് വികസനം

ഇവോൾവിൽ, ഓട്ടിസം എന്ന വൈകല്യത്തെ ഒരു വ്യത്യസ്ത ജീവിതശൈലിയായാണ് കാണുന്നത്. അതുകൊണ്ടാണ് ഓരോ കുട്ടിക്കും അവരുടെ ഡയഗ്നോസ്റ്റിക്, ഡെവലപ്മെൻറ് മൂല്യനിർണ്ണയങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രത്യേക പദ്ധതികൾ വികസിപ്പിച്ചിരിക്കുന്നത്.

ഓട്ടിസം ബാധിച്ച കുട്ടികളുടെ സമഗ്രമായ വികസനം എന്ന ലക്ഷ്യത്തോടെ അവരെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനായി വിപുലമായ അധ്യാപന, പരിശീലന പരിപാടികൾ തന്നെയുണ്ട്.

ഓട്ടിസം ബാധിച്ച കുട്ടിയുടെ ബുദ്ധിമുട്ടുകളുടെ അടിസ്ഥാന കാരണങ്ങൾ വിലയിരുത്തുകയും തിരിച്ചറിയുകയും പരിഹാരം നൽകുകയും ചെയ്യുന്നു

സ്റ്റെപ്പ് 1: കുട്ടിയുടെ ബുദ്ധിമുട്ടുകളുടെ അടിസ്ഥാന കാരണങ്ങൾ വിലയിരുത്തുന്നു

സ്റ്റെപ്പ് 2: കുട്ടികളുടെ ബുദ്ധിമുട്ടുകൾക്കുള്ള ഏറ്റവും മികച്ച പരിഹാരങ്ങൾ തിരിച്ചറിയുന്നു

സ്റ്റെപ്പ് 3: കുട്ടികളുടെ ആവശ്യങ്ങൾക്കനുസരിച്ച് അനുയോജ്യമായ പരിഹാരങ്ങൾ നൽകുന്നു

### ഓക്യുപേഷണൽ തെറാപ്പി.

ഇത്തരത്തിലുള്ള പരിശീലന - ചികിത്സകൾ കുട്ടിയെ ജീവിത നൈപുണ്യങ്ങൾ പഠിക്കാൻ സഹായിക്കുന്നു. സ്വായത്തമാക്കുന്ന കഴിവുകൾ കഴിയുന്നത്ര സ്വതന്ത്രമായി ജീവിക്കാൻ അവരെ സഹായിക്കുന്നു.

### സെൻസറി ഇന്റഗ്രേഷൻ തെറാപ്പി.

സെൻസറി വിവരങ്ങൾ കൈകാര്യം ചെയ്യാൻ കുട്ടിയെ ഈ തെറാപ്പി സഹായിക്കുന്നു.

### സ്പീച്ച് തെറാപ്പി:

സംസാരശേഷിയും ആശയവിനിമയ കഴിവുകളും മെച്ചപ്പെടുത്താൻ സഹായിക്കുന്നു.

ഓട്ടിസം കുട്ടികളെ സ്വയംപര്യാപ്തയിലേക്ക് നയിക്കുന്ന ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, പരിഹാരങ്ങൾ വാഗ്ദാനം ചെയ്യുന്ന

## ഇവോൾവ്

(Evolve Finishing Centre for Autism & Child Development Center)

ഇന്ന് (2023 മാർച്ച് 31) 10 മണിക്ക് പ്രവർത്തനമാരംഭിക്കുന്നു.




### സ്മാർട്ട് ക്ലാസ്റൂമുകൾ

സ്കൂൾ പരിസരമാണ് ഇവിടെ പ്രത്യേകമായി സജ്ജീകരിച്ചിരിക്കുന്നത്. ക്ലാസ്മുറിയിൽ മാത്രമല്ല, സമൂഹത്തിലും എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ച് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.

ദൃശ്യവൽക്കരണ കഴിവുകൾ (visualisation/imagination skills) വികസിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നു.

### ഗ്രൂപ്പ് തെറാപ്പി

കുട്ടികളുടെ നിലവിലുള്ള കഴിവുകൾ സമഗ്രമായി വിലയിരുത്തിയ ശേഷം, അവരെ 4-5 ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പ് തെറാപ്പി വഴി പരിശീലനം നൽകുന്നു.

### മൾട്ടി ടാസ്ക് പരിശീലനം

ഒരേ സമയം വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യുന്നതിൽ പ്രത്യേക പരിശീലനം നൽകാൻ മൾട്ടി ടാസ്ക് ട്രെയിനിംഗ് ടീം ഉണ്ട്



### ശാരീരിക വ്യായാമങ്ങൾ

സൈക്ലിംഗ്, ട്രെഡ്മിൽ തുടങ്ങി വിവിധ ആധുനിക ഉപകരണങ്ങളിലൂടെയാണ് ശാരീരിക വ്യായാമങ്ങൾ നൽകുന്നത്.

### പ്രൊഫഷണൽ ടീം

വർഷങ്ങളുടെ അനുഭവസമ്പത്തുള്ള ടീമാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഫിസിയോതെറാപ്പിസ്റ്റുകൾ, പ്രത്യേക വിദ്യാഭ്യാസ അധ്യാപകർ, സാമൂഹിക പ്രവർത്തകർ, സ്പീച്ച് തെറാപ്പിസ്റ്റുകൾ, ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ തുടങ്ങിയ പ്രൊഫഷണൽ ടീം ഇവോൾവിന് പിന്നിൽ ശക്തി സ്രോതസ്സായി പ്രവർത്തിക്കുന്നുവെന്ന് അമരക്കാരായ രാജീവും ലക്ഷ്മിയും ആത്മവിശ്വാസത്തോടെ പറയുന്നു..

✍ തയ്യാറാക്കിയത്
കെ. ആർ. മോഹൻദാസ്